## പതിമൂന്നാം കേരള നിയമസഭ

## പതിനൊന്നാം സമ്മേളനം

**നക്ഷത്രചിഹ്നമിടാത്ത നിയമസഭ ചോദ്യം - 3018** **20.06.2014- ലെ മറുപടിക്ക്**

### പബ്ലിക്-പ്രൈവറ്റ് പാർട്ടിസിപ്പേഷൻ നടപ്പാക്കാൻ ശുപാർശ

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീമതി കെ. എസ്. സലീഖ: | | ശ്രീ. കെ. സി. ജോസഫ് (ഗ്രാമവികസനവും ആസൂത്രണവും സാംസ്കാരികവും നോർക്കയും വകുപ്പു മന്ത്രി) | |
| (എ) | സ്വകാര്യ പങ്കാളിത്തം വർദ്ധിപ്പിക്കാനായി സംസ്ഥാന ആസുത്രണബോർഡ് പബ്ലിക്-പ്രൈവറ്റ് പാർട്ടിസിപ്പേഷൻ (പി.പി.പി.) നടപ്പാക്കാൻ ശുപാർശ ചെയ്തിട്ടുണ്ടോ; | (എ) | തെരഞ്ഞെടുക്കപ്പെട്ട അടിസ്ഥാന സൗകര്യ മേഖലകളിൽ പരമാവധി നിക്ഷേപം ലഭ്യമാക്കാൻ പൊതു-സ്വകാര്യ പങ്കാളിത്ത സാദ്ധ്യത പരിഗണിക്കുന്നതിനായി ഒരു നയം (പി.പി.പി. പോളിസി) രൂപീകരിക്കുന്നകാര്യം പരിശോധിച്ചു വരുന്നു. |
| (ബി) | എങ്കിൽ ഏതൊക്കെ മേഖലകളെയാണ് പി.പി.പി. വ്യവസ്ഥയിൽ ഉൾപ്പെടുത്തുവാൻ നിർദ്ദേശിച്ചിട്ടുള്ളത്; വിശദമാക്കുമോ; | (ബി) | കേരള സർക്കാർ ഔദ്യോഗിക വെബ്സൈറ്റിൽ പ്രസിദ്ധീകരിച്ചിരിക്കുന്ന പി.പി.പി. കരട് നയത്തിൽ താഴെ പറയുന്ന മേഖലകളിലാണ് പൊതുസ്വകാര്യ പങ്കാളിത്ത പദ്ധതികൾ സാദ്ധ്യമാക്കാവുന്നത്.<br>1. കാർഷിക മേഖല<br>2. ലഘുധാതു വികസനം<br>3. കുടിവെള്ളവും വ്യാവസായികാവശ്യത്തിനുള്ള ജലവും<br>4. വിദ്യാഭ്യാസവും അനുബന്ധ സൗകര്യങ്ങളും<br>5. മത്സ്യബന്ധനവും അനുബന്ധ സൗകര്യങ്ങളും<br>6. വാതക വിതരണവും അനുബന്ധ ജോലികളും<br>7. ആരോഗ്യമേഖല<br>8. ഭവനനിർമ്മാണം<br>9. വ്യാവസായിക പാർക്കുകളും പ്രത്യേക സാമ്പത്തിക മേഖലയും (SEZ)<br>10. വിവരസാങ്കേതിക പ്രോജക്ടുകൾ<br>11. ഉൾനാടൻ ജലപാതകൾ<br>12. ജലസേചനം |

13. ഭൂമി പുനരുദ്ധാരണ പ്രോജക്ടുകൾ

14. തുറമുഖങ്ങൾ

15. പവർ സിസ്റ്റംസ്

16. റോഡുകളും പാലങ്ങളും

17. ഖരമാലിന്യ സംസ്കരണം

18. സ്പോർട്സ് & റിക്രിയേഷൻ അടിസ്ഥാന സൗകര്യങ്ങൾ

19. ടൂറിസം & ഹോസ്പിറ്റാലിറ്റി പ്രോജക്ടുകൾ

20. നഗര ഗതാഗതം

21. അഴുക്കുചാൽ നിർമ്മാണം

22. സർക്കാർ സമയാസമയങ്ങളിൽ ഉൾപ്പെടുത്തുന്ന മറ്റു ഏതൊരു ദീർഘകാല ആസ്തികളും

ഇതിൽ 'കുടിവെള്ളം, അഴുക്കുചാൽ' നിർമ്മാണം എന്നിവ പി.പി.പി. വ്യവസ്ഥയിൽ നടപ്പിലാക്കാൻ സർക്കാർ ഉദ്ദേശിക്കുന്നില്ല.

(സി) ഇതു സംബന്ധിച്ച് എന്തെങ്കിലും പഠനം നടത്തിയിട്ടുണ്ടോ;

(സി) പന്ത്രണ്ടാം പഞ്ചവത്സര പദ്ധതിയുമായി ബന്ധപ്പെട്ട പൊതുസ്വകാര്യ പങ്കാളിത്തത്തിനായുള്ള ആസൂത്രണ ബോർഡിലെ വർക്കിംഗ് ഗ്രൂപ്പ് റിപ്പോർട്ടിൽ ഒരു പൊതുസ്വകാര്യ പങ്കാളിത്തനയത്തിന് രൂപം നല്കണമെന്ന് ശുപാർശ ചെയ്തിട്ടുണ്ട്.

(ഡി) ഇത് സംബന്ധിച്ച് കേന്ദ്ര സർക്കാർ എന്തെങ്കിലും നിർദ്ദേശങ്ങൾ നൽകിയിട്ടുണ്ടോ; വ്യക്തമാക്കുമോ;

(ഡി) നിർദ്ദേശങ്ങൾ നല്കിയിട്ടില്ല. എന്നാൽ കേന്ദ്ര സർക്കാർ ഇത് സംബന്ധിച്ച് ചില മാർഗ്ഗ നിർദ്ദേശങ്ങൾ പുറപ്പെടുവിച്ചിട്ടുണ്ട്.

(ഇ) ഇതുമായി ബന്ധപ്പെട്ട് സംസ്ഥാന സർക്കാർ എന്തെങ്കിലും തീരുമാനം എടുത്തിട്ടുണ്ടോ; വിശദാംശം വ്യക്തമാക്കുമോ?

(ഇ) ഇല്ല.

സെക്ഷൻ ഓഫീസർ.